പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4399 — 27/06/2013 ൽ മറുപടിയ്ക്ക്

## റീ സർവ്വെ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ പൂർത്തിയാക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് റീസർവ്വേ പൂർത്തിയാക്കാനുള്ള വില്ലേജുകളുടെ പേരു വിവരം അനുബന്ധമായി ഉളളടക്കം ചെയ്യുന്നു. |
| (ബി) റീ സർവ്വെ നടപടികൾ പ്രകാരം കരഭൂമിയായി മാറിയ വസ്തുക്കൾ ഇപ്പോൾ ബേസിക് ടാക്സ് രജിസ്റ്ററിൽ കരഭൂമിയാണെന്നാണോ നിലം എന്നാണോ രേഖപ്പെടുത്തുക എന്ന് വ്യക്തമാക്കുമോ;<br>(സി) റീ സർവ്വെ സമയത്ത് കെട്ടിടവും ടാറിട്ട റോഡുമുള്ള ഭാഗങ്ങൾ നിലം എന്ന് ബേസിക് ടാക്സ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ; | (ബി) (സി) മുൻ സർവെ പ്രകാരമുള്ള ഭൂമിയുടെ ഇനം റീ-സർവ്വേ റിക്കാർഡുകളിൽ അതേ ഇനത്തിൽ തന്നെയാണ് ഉൾപ്പെടുത്തുന്നത്. |
| (ഡി) റീ സർവ്വെ അപാകതകൾ പരിഹരിക്കുന്നതിനായി അദാലത്തുകൾ നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ഡി) 31/05/2010 ലെ ജി.ഒ.(എം.എസ്) 200/10/റവന്യൂ പ്രകാരം റീ-സർവ്വേ അപാകതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം പരാതികൾ പരിഹരിച്ചു വരുന്നു. |
| (ഇ) റീ സർവ്വെ പ്ലാനുകളും വിവരങ്ങളും വെബ്സൈറ്റിൽ നൽകാൻ നടപടി സ്വീകരിക്കുമോ? | (ഇ) ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷന്റെ ഭാഗമായി ഇതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**